# SHANTHIVANI
PUTTUR DIOCESAN BULLETIN
VOL. 9 SEPTEMBER, 2022 NO.9



# 92 GLORIOUS YEARS OF REUNION

# Episcopal Consecration Day Wishes



## H E Most Rev. Dr. Geevarghese Mar Makarios

21st September



**H E Most Rev. Dr. Thomas Mar Eusebius**

21st September



**H E Most Rev. Dr. Yoohanon Mar Theodosius**

21st September

*PATRON*

**Most Rev. Dr. Geevarghese Mar Makarios**

*CO-PATRON*

**Very Rev. Dr. Eldho Puthenkandathil**

**(Vicar General)**

*EDITOR*

**Rev. Fr. John Puthenkandathil**

**Shanthibhavan**

**Catholic Bishop's House**

**Puttur - 574 201, Karnataka**

**Mob : +91 9448706368**

**Email : shanthivani2010@gmail.com**

*EDITORIAL TEAM*

**Very Rev. Fr. John Nellivila**

**Rev. Fr. Thomas Punamadathil**

**Rev. Fr. Kurian Pulipra**

**Mr. Anish Mathew**

**Mr. Roy Thomas**

**Mr. Sajith K.J.**

**Mr. Yohannan O.M.**

*PRINTED & PUBLISHED BY*

**Rev. Fr. John Kunnathethu**

**The Chancellor**

*DESIGN BY*

**Mr. Mobin Santhosh John**

# TABLE OF CONTENTS


04 Voice of Patron
05 Pastoral Letters
19 Pastoral Letters
13 Diocesan News

**Commission Updates**

14 Commission for Youth (MCYM)
14 Commission for Basic Ecclesial Communities
15 Commission for Family (Bhavana Jyothis)
15 Commission for Education
16 Birthdays, Feast & Ordi. day of Rev. Fathers
16 Important Days

# *Voice of our Patron*



Dear Brothers and Sisters,

As people of God, the month of September is filled with a number of very important days to be specially remembered and celebrated. We begin the month with adequate preparation by way of fasting, prayer and abstinence to celebrate the birth of our Blessed Mother Mary on 8th September. These eight days are rendered very special and most of us really feel the heavenly patronage of our Holy Mother Mary in our daily lives. Having been destined to be the Mother of the Saviour of the world, Mary was filled with grace in a singular way that even at the moment of her immaculate conception she exceeded all in sanctity and thereby to be the Mother of God. Mother Mary is a special gift for all of us and may her heavenly patronage be a real strength to discern the will of God in our daily lives.

The triumph of the Holy Cross, known as the Feast of the Holy Cross is yet another important Feast we celebrate in the Church. The Cross is the symbol of our Lord Jesus Christ and His victory over sin and death. In other words, the Cross points to our Redemption. The veneration of the Holy Cross goes back to the 4th century with the miraculous discovery of the Cross on 14th September 326 by St. Helena, the Mother of King Constantine. As we enter into a new liturgical season, Sleebhakalam, of our ecclesial life, the living presence of the Holy Cross in our lives, at our homes and all our public places where the presence of the Holy Cross is made present and adored, be a source of the glorious and living presence of our Lord Jesus in our midst.

On 20th September we joyful commemorate the anniversary of the Re-union Movement that took place in 1930, led by the Servant of God, Archbishop Mar Ivanios of Blessed memories. Ever since, 1930, the growth of the Malanakara Catholic Church is both a matter of surprise and providence of God. The vision and mission of Mar Ivanios is rendered fruitful today, by the mission and active participation of every member of the church. As a prophet of ecclesial communion and the way how he discerned the will of God for us and for the church, we are called to read the signs of the time and discern the will of God in the present. The Re-union Movement, more than a historical fact in the history of the church, unequivocally reminds us of the truth of its relevance and the need of greater ecclesial communion based on the spiritual growth of the church as the mystical Body of Christ and the victorious presence of our Lord in the world. As part of the Church in this land, let us, as a diocese, be aware of our role with greater enthusiasm after the mind and vision of the Servant of God, Archbishop Mar Ivanios of Blessed memory. May God bless you all!

**H. E. Most Rev Dr. Geevarghese Mar Makarios**

Metropoliton, Diocese of Puttur

**ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും**
**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
**നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും**
**കോർഎപ്പിസ്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും**
**ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്**

Prot. No. CPL 04/2022 01.08.2022

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിനു സ്തുതി.*

# കബർ ചാപ്പൽ ശുശ്രൂഷകൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആസ്ഥാന ദൈവാലയമായ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സ്ഥിതിചെയ്യുന്ന കബർ ചാപ്പൽ നവീകരിച്ച് 2022 ജൂലൈ 1-ന് കൂദാശ ചെയ്ത് "അവ്സാർ തുബൈൻ"- ഞങ്ങളുടെ ഭാഗ്യങ്ങളുടെ കലവറ - എന്ന് നാമകരണം ചെയ്ത് സമർപ്പിച്ചു. നമ്മുടെ സഭ ഇന്ന് അനുഭവിക്കുന്ന എല്ലാ നന്മകൾക്കും ഭാഗ്യങ്ങൾക്കും ഉറവിടമാണ് ഈ കബർ ചാപ്പൽ. കൃപകൾ പ്രാപിച്ച അനേകർ ഇവിടെയെത്തി ദൈവത്തിന് നന്ദി പറയുന്നു. നാം ദൈവമക്കളായിത്തീരുന്നതിന് ഈ കബർ ചാപ്പലിൽ ഉൾക്കൊള്ളുന്ന തിരുശേഷിപ്പുകൾ നമുക്ക് മാദ്ധ്യസ്ഥം വഹിക്കുന്നു.

നമ്മുടെ പുണ്യപിതാക്കന്മാരായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെയും ഭാഗ്യസ്മരണാർഹരായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും സിറിൾ ബസേലിയോസ് കാതോലിക്കാബാവാ

തിരുമേനിയുടെയും കബറിങ്കൽ എല്ലാ വിശ്വാസികൾക്കും സൗകര്യപ്രദമായി വന്ന് പ്രാർത്ഥിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള സൗകര്യം ഇപ്പോൾ മുതൽ കൂടുതൽ ക്രമീകൃതമായ രീതിയിൽ ലഭ്യമാണ്. ഇപ്പോൾ കബർ ചാപ്പലിൽ ദിവസം തോറുമുള്ള ശുശ്രൂഷകൾ താഴെപ്പറയുന്ന വിധത്തിലാണ്:

**കബർ ചാപ്പലിലെ ശുശ്രൂഷകൾ**

- ഞായർ 5.00 pm വിശുദ്ധ കുർബാന
- തിങ്കൾ 6.30 pm സന്ധ്യാനമസ്കാരം- ബഥനി ആശ്രമം, നാലാഞ്ചിറ
- ചൊവ്വ 6.30 am വിശുദ്ധ കുർബാന
  6.30 pm സന്ധ്യാനമസ്കാരം- സെന്റ് അലോഷ്യസ് സെമിനാരി, കേശവദാസപുരം
- ബുധൻ 6.30 pm സന്ധ്യാനമസ്കാരം- (എം.എസ്.എസ്.എസ്., സമന്വയ, സാന്ത്വനം)
  7.30 pm മദ്ധ്യസ്ഥ പ്രാർത്ഥന- സെന്റ് മേരീസ് കത്തീഡ്രൽ
- വ്യാഴം 6.30 pm സന്ധ്യാനമസ്കാരം- കാതോലിക്കേറ്റ് സെന്റർ
- വെള്ളി 6.30 am വിശുദ്ധ കുർബാന
  9.30 am-12 pm മദ്ധ്യസ്ഥ പ്രാർത്ഥന - സഭാതല സുവിശേഷ സംഘം
  6.30 pm സന്ധ്യാനമസ്കാരം- മേജർ ആർച്ചുബിഷപ്പ് ഹൗസ് (പ്രാർത്ഥനയിൽ സംബന്ധിക്കുന്നവർ- ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽഹൗസ് (SIC), നാലാഞ്ചിറ).
- ശനി 6.30 pm സന്ധ്യാനമസ്കാരം- സെന്റ് മേരീസ് കത്തീഡ്രൽ

(Live telecasting in malankaracatholictv, Youtube Channel).

- <u>ബുധനാഴ്ചകളിൽ പ്രാർത്ഥനയിൽ സംബന്ധിക്കുന്നവർ</u>

1. ആദ്യ ബുധൻ - ഡി. എം. പ്രൊവിൻഷ്യൽ ഹൗസ്, പോങ്ങുംമൂട്
2. രണ്ടാം ബുധൻ - ഡി. എം. കോൺവെന്റ്, ജ്യോതിനഗർ, പട്ടം
3. മൂന്നാം ബുധൻ - ഡി. എം. കോൺവെന്റ് - ശാന്തിനികേതൻ
4. നാലാം ബുധൻ - ഡി. എം. കോൺവെന്റ്, പി. എം. ജി.
5. അഞ്ചാം ബുധൻ - ഡി. എം. ജനറലേറ്റ്, കുടപ്പനക്കുന്ന്.

- എല്ലാ രണ്ടാം വെള്ളിയാഴ്ചയും വൈകുന്നേരം 7 മുതൽ 9 വരെ മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ ഡയറക്ടർ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന ധ്യാനം ഉണ്ടായിരിക്കുന്നതാണ്.

- സെപ്റ്റംബർ 1 മുതൽ എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും വൈകുന്നേരം 4-ന് വിശുദ്ധ കുർബാനയും (*ഞായറാഴ്ച വൈകുന്നേരം 5-ന്*) ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ സഭാതല സുവിശേഷ സംഘമാണ് ഇതിന് നേതൃത്വം നൽകുന്നത്.

- നമ്മുടെ ബഹു. വൈദികർക്ക് അവരവരുടെ ഇടവകാംഗങ്ങളുമായി വന്ന് വി.കുർബാന അർപ്പിക്കുന്നതിന് ക്രമീകരണം ചെയ്യുന്നതിന് സെന്റ് മേരീസ് കത്തീഡ്രൽ വികാരി അച്ചനുമായി (ഫോൺ: 9447399959) ബന്ധപ്പെടാവുന്നതാണ്.

- എല്ലാദിവസവും രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ വി. കുമ്പസാരത്തിനും കൗൺസിലിങ്ങിനും കബർ ചാപ്പലിൽ ബഹു. ഫിലിപ്പ് ദയാനന്ദ് അച്ചന്റെ സേവനം ലഭ്യമാണ്.

- 50-ത് പേരിൽ കൂടാത്ത ചെറുസംഘങ്ങളായി സെന്റ് മേരീസ് ക്യാമ്പസിൽ വന്ന് താമസിച്ച് കബർ ചാപ്പലിൽ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നവർ താമസ സൗകര്യത്തിനായി കബർ ചാപ്പലിന്റെ അഡ്മിനിസ്ട്രേറ്റർ ബഹു. ജോബിൻ ജേക്കബ് കറുകയിൽ അച്ചനുമായി മുൻകൂട്ടി ബന്ധപ്പെടാവുന്നതാണ് (ഫോൺ: 8281459112).

- എല്ലാ ദിവസവും രാവിലെ 6 മുതൽ രാത്രി 9 വരെ കബർ ചാപ്പലിൽ വിശ്വാസികൾക്ക് പ്രാർത്ഥിക്കാൻ സൗകര്യം ഉണ്ടായിരിക്കും.

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികൾക്ക് വേഗത പകരുന്നതിന് മുകളിൽ പറഞ്ഞ ക്രമീകരണങ്ങൾ സഹായകരമാകും എന്ന് പ്രത്യാശിക്കുന്നു. സ്വർഗ്ഗത്തിന്റെ സ്ഥിരീകരണം എത്രയും വേഗം ഉണ്ടാകുന്നതിന് ഏവരും പ്രാർത്ഥിക്കണം. ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ വിശുദ്ധ പദവിയി

ലേക്കുയർത്തുന്നതിനുള്ള പ്രാർത്ഥന ഓരോ വി. കുർബാന അർപ്പണത്തിനുശേഷവും നമ്മുടെ ഇടവകകളിലും സന്യാസ ഭവനങ്ങളിലും കുടുംബങ്ങളിലും പ്രാർത്ഥിക്കുന്നതിന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

നാമകരണ നടപടികളുടെ സൗകര്യാർത്ഥം വിശ്വാസികൾക്ക് വേഗത്തിൽ സമീപിക്കുവാൻ സാധിക്കുന്ന ഒരു ഓഫീസ്, പട്ടം സെന്റ് മേരീസ് ക്യാമ്പസിൽ കബർ ചാപ്പലിനോട്ചേർന്നുള്ള സമന്വയ പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്നു. ദൈവദാസന്റെ മദ്ധ്യസ്ഥതയിൽ അർപ്പിക്കേണ്ട വി. കുർബാന നിയോഗവും പ്രാർത്ഥനാ നിയോഗവും ഈ ഓഫീസിൽ എല്ലാ ദിവസവും സ്വീകരിക്കുന്നതാണ് (രാവിലെ 9 മുതൽ 5 വരെ). ദൈവദാസന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ ലഭിക്കുന്നവർ ആ വിവരം നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ പെരിയ ബഹു. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ അച്ചനെ രേഖാമൂലം അറിയിക്കണം. നാമകരണ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios cleemis

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

01.08.2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക - സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കുകയോ പ്രസക്തഭാഗങ്ങൾ അറിയിക്കുകയോ ചെയ്യേണ്ടതാകുന്നു. ഭദ്രാസനങ്ങളുടെ ഔദ്യോഗിക മാധ്യമങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL5 /2022

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**92 -ാം പുനരൈക്യവാർഷികവും സഭാസംഗമവും**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 92-ാം പുനരൈക്യവാർഷികവും സഭാസംഗമവും 2022 സെപ്തംബർ 21 -ാം തീയതി നാം ആഘോഷിക്കുകയാണ്. നമ്മുടെ സഭക്ക് രണ്ട് പുതിയ മെത്രാന്മാരെക്കൂടി ലഭിച്ച വർഷമാണല്ലോ ഇത്. സഭയുടെ കൂരിയാ മെത്രാനായി അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവും തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവും അഭിഷിക്തരായി എന്നതിൽ നാമേവരും സന്തോഷിക്കുന്നു, സഭയായി ദൈവ തിരുമുമ്പാകെ നന്ദി പറയുന്നു. കൂടുതൽ ജാഗ്രതയോടെ സഭാ ശുശ്രൂഷകൾക്കായി നമ്മെത്തന്നെ സമർപ്പിക്കാനുള്ള അവസരമാണിത്. ഈ അവസരത്തിൽ ദൈവതിരുമുമ്പാകെ കൃതജ്ഞതയോടെ നാം ഒന്നുചേരുമ്പോൾ ദൈവത്തിന്റെ അനന്തപരിപാലനയിൽ പുനഃരൈക്യത്തിന് വലിയ സ്ഥാനമുണ്ടെന്ന് ഒരിക്കൽക്കൂടി നാം തിരിച്ചറിയുകയാണ്. കരുണാമയനായ ദൈവം പുനരൈക്യപ്രസ്ഥാനത്തെ സ്വീകരിച്ച്

അനുഗ്രഹിച്ചു എന്നതിന്റെ പ്രകടമായ തെളിവാണല്ലോ നമ്മുടെ സഭയുടെ അഭിമാനകരമായ ഈ വളർച്ച. പുനഃരൈക്യപ്പെട്ടസഭ വളരെ ചെറിയ ഒരു കൂട്ടമായി 1930-ൽ ആരംഭിക്കുമ്പോൾ ദൈവപരിപാലനയിലുള്ള ആഴമായ വിശ്വാസം മാത്രമായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനും കൂടെയുണ്ടായിരുന്നവർക്കും മുതൽക്കൂട്ടായി ഉണ്ടായിരുന്നത്. അന്നുമുതൽ ഇന്നുവരെ നാം ഈ ദൈവപരിപാലനയുടെ ഉറപ്പും വിശ്വാസ്യതയും അനുഭവിച്ചു വരുകയാണല്ലോ.

ദൈവത്തിൽ പരിപൂർണമായി ആശ്രയിക്കുന്ന വ്യക്തികളിലൂടെ ദൈവത്തിന് വലിയകാര്യങ്ങൾ നിറവേറ്റാൻ സാധിക്കും എന്നതിനുള്ള നല്ല തെളിവാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ച. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സമർപ്പണവും സത്യോപാസനയും ദൈവാശ്രയവും ഉപകരണമാക്കിക്കൊണ്ട്, ഭിന്നതകളും കലഹങ്ങളും ഛിന്നഭിന്നമാക്കിക്കളഞ്ഞേക്കാമായിരുന്ന സാഹചര്യത്തിൽ നിന്ന് എടുത്തുയർത്തി, ഐക്യത്തിന്റെ പ്രതീകമായി ആഗോള സഭാ നഭസ്സിൽ ഒരു നക്ഷത്രമാക്കി മലങ്കരസഭയെ പ്രതിഷ്ഠിക്കുവാൻ ദൈവപരിപാലനക്കു സാധിച്ചു. കലഹങ്ങളും ഭിന്നതകളുമാകുന്ന പ്രക്ഷുബ്ധസാഗരത്തിൽപ്പെട്ടുഴലുന്ന ഏവർക്കും ഐക്യത്തിലേക്കും യോജിപ്പിലേക്കുമുള്ള മാർഗം തെളിച്ചു നൽകുക എന്ന ദൈവീകമായ ഉത്തരവാദിത്വത്തെക്കുറിച്ച് നമുക്ക് ബോധവാന്മാരാകാം. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഐക്യത്തിന്റെ പ്രവാചക ശബ്ദമായി നിലകൊള്ളാനുള്ള ഉത്തരവാദിത്തത്തെക്കുറിച്ച് എന്നത്തേക്കാളധികം ബോധവതിയാകേണ്ട ഒരു സമയമാണിതെന്ന് കാലഘട്ടം നമ്മെ അനുസ്മരിപ്പിക്കുന്നു. പുനരൈക്യനവതിയുടെ ഈ ധന്യനിമിഷത്തിൽ അഭിമാനപൂർവം നാം കാത്തുസൂക്ഷിച്ചു വരുന്ന ഐക്യത്തെ ഈ പുനരൈക്യവാർഷികാഘോഷം അരക്കിട്ടുറപ്പിക്കട്ടെ എന്നാശംസിക്കുന്നു. വ്യക്തികളായും സഭയായും നമുക്ക് ആഗോളകത്തോലിക്കാ സഭയുടെ നിയോഗങ്ങളോട് കൂടുതൽ ചേർന്ന് നിൽക്കാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദർശനവും ദൗത്യവും ജീവിതമാക്കി നമുക്ക് മുന്നേറാം. ഭൗതികതയുടെ അടിമത്തത്തിൽപെട്ട് ഭിന്നതകളിലേക്കും കലഹങ്ങളിലേക്കും വീണുപോയ സ്വസമുദായത്തെ ദൈവമാഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു സമൂഹമാക്കി മാറ്റുന്നതിന് ആത്മീയതയുടെ മാർഗമല്ലാതെ മറ്റൊന്നും ഫലപ്രദമല്ല എന്നു മനസിലാക്കി ആ വഴിയിലൂടെ സഭാസമൂഹത്തെ സുരക്ഷിതമായി നയിച്ച

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാത പിന്തുടരുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ നാം സവിശേഷമായ വിധത്തിൽ നമ്മുടെ സഭയുടെ ആത്മീയ ഉത്ക്കർഷത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് നാം 92-ാംപുനരൈക്യവാർഷികം ആഘോഷിക്കുന്നുവെന്നത് നമ്മുടെ സഭാജീവിതത്തിനും പുനരൈക്യപ്രവർത്തനങ്ങൾക്കും കൂടുതൽ ദിശാബോധം നൽകുന്നു.

"മരണാനന്തരം സ്വർഗ്ഗത്തിൽ എത്തിയശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ ഞാൻ നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കും" എന്നു പറഞ്ഞ് കടന്നു പോയ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥ ശക്തിയിൽ നിന്ന് നമുക്കു കരുത്താർജിക്കുകയും പുനരൈക്യപാതയിൽ കൂടുതൽ ചടുലതയോടെ മുന്നേറുകയും ചെയ്യാം.

ഈ വർഷത്തെ പുനരൈക്യ വാർഷികവും സഭാസംഗമവും തിരുവല്ല അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാർ തിമോത്തിയോസ് നഗറിൽ സംഘടിപ്പിക്കുകയാണ്. 92-ാമത് പുനരൈക്യാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്ന തിരുവല്ല അതിഭദ്രാസനത്തെ ഞാൻ ശ്ലാഘിക്കുകയും അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും, ബഹു. വൈദികരെയും, സന്യസ്തരെയും ദൈവജനം മുഴുവനേയും നന്ദിയോടെ പ്രാർഥനയിൽ സമർപിക്കുകയും ചെയ്യുന്നു. ആഘോഷമായ പരിശുദ്ധ കുർബാനയിലും, അവിടെ സംഘടിപ്പിക്കപ്പെടുന്ന വിവിധ സംഗമങ്ങൾ, ദൈവശാസ്ത്ര സമ്മേളനം, സുവിശേഷസംഘ പ്രാർഥനാ ശുശ്രൂഷ എന്നിവയിലും നിങ്ങളേവരുടെയും സാന്നിധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തണമെന്ന് പ്രത്യേകം ഓർമിപ്പിക്കട്ടെ. പുനരൈക്യസംഗമ വേദികൾ നമ്മുടെ കൂട്ടായ്മയുടെ ചരിത്രപരമായ സാക്ഷ്യത്തിന്റെ പ്രതിരൂപങ്ങളാണ്. അനുഗ്രഹീതമായ ഈ ആഘോഷങ്ങളിൽ പങ്കുചേർന്ന് പരിപാടികളെ സജീവമാക്കാനും വിജയിപ്പിക്കാനും സഭാമക്കൾക്കേവർക്കും ഉത്തരവാദിത്വമുണ്ട് എന്ന വസ്തുത ഏവരും ഓർക്കുമല്ലോ. കോവിഡ് മഹാമാരി കാരണം കഴിഞ്ഞ വർഷങ്ങളിൽ നമുക്കു ഒരുമിച്ചു വരുവാനും പുനരൈക്യവാർഷികാഘോഷങ്ങൾ സജീവമാക്കാനും സാധിക്കാതെപോയത് വേദനാജനകമായ ഒരു ഓർമയാണെങ്കിലും ഈ വർഷം നമുക്ക് കൂടുതൽ ഊർജസ്വലതയോടെ പുനരൈക്യ വാർഷികത്തെ വരവേൽക്കുകയും വർദ്ധിച്ച ഉണർവോടെ ആഘോഷങ്ങളിൽ പങ്കുചേരുകയും അനുഗ്രഹീതരാവുകയും ചെയ്യാം.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും മിഷ്യൻ കേന്ദ്രങ്ങളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽ നിന്നും സാധിക്കുന്നവരെല്ലാം 2022 സെപ്തംബർ 21ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ (മാർ തിമോത്തിയോസ് നഗർ) അങ്കണത്തിൽ നടത്തപ്പെടുന്ന പുനരൈക്യവാർഷികാഘോഷങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഏവരേയും സ്നേഹപൂർവം ഞാൻ ഉദ്ബോധിപ്പിക്കുന്നു. അന്നത്തെ വി. കുർബാനയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച ഈ വർഷത്തെ പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന തിരുവല്ല അതിഭദ്രാസനത്തിന്റെ ജീവകാരുണ്യപ്രവർത്തികൾക്ക് നൽകുന്നതാണ്. വി. കുർബാനയിൽ സംബന്ധിക്കുന്ന ആരാധനാസമൂഹം മുഴുവൻ ഈ സമർപ്പണത്തിന് തയ്യാറായി വരണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. വരും വർഷങ്ങളിലും ഒരു സജീവസാക്ഷ്യമായി നമുക്ക് ഇതു തുടരാം.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
05.09.2022

*N.B.:* *ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# *Diocesan News*

- ***Diocesan Priests' Meet :***

The diocesan priest's meeting was held on 3rd August, 2022. Diocesan priests working in the diocese gathered at Shantibhavana Bishop's House on the respective day to discuss pastoral issues and also formulate a pastoral plan for the upcoming year. His Excellency, Most Rev. Dr. Geevarghese Mar Makarios, the Bishop of Puttur, presided over the meeting.

- ***Relics Installation :***



The first-class relics of St. Alphonsa of the Immaculate Conception were installed in two parishes of our diocese by Most Rev. Dr. Geevargherse Mar Makarios, the bishop of Puttur. The relics of the saint were installed in St. Mary's SMCC, Mangalore, on 7th August, 2022 and in St. Alphonsa SMCC, Carmleram, on 21st August, 2022.

- ***The Priest's General Body Meeting and Vianney Day Celebration :***

The Priest's General Body Meeting and Vianney Day Celebration were conducted on 3rd and 4th August 2022, at Shanthibhavana Bishop's House in Panjala. Priests from the diocese who are both diocesan and religious actively took part in the event.

The Vice Rector of St. Mary's Malankara Major Seminary in Trivandrum, Rev. Dr. Varghese Thannickakuzhy, took an interactive session on marriage legislation and updates. The session was followed by the evening prayer and supper.

On August 4, 2022, Vianney Day was observed with Morning Prayer and a Solemn Concelebrated Mass that included all of the diocesan and religious priests serving in the diocese. The principal celebrant was His Excellency, Most Rev. Dr. Geevarghese Mar Makarios.

Following the mass, the Priest General Body met to address matters such as "Pastoral Planning Based on KRPP," "Grace Filling Families," and "Planning of the Celebration in the Month of November in our diocese."





- ***Feast of the Assumption of Mary and Independence Day Celebration :***



After a 15-day fast (nombu), the feast of the Assumption of Mary was celebrated solemnly in all parishes of the diocese with solemn Holy Qurbono.

Independence Day was celebrated with a flag-hoisting ceremony, parades, and cultural programmes in different parishes and institutions in the diocese. Very Rev. Fr. Daniel Kadakkampallil, the Rector of San Jos Minor Seminary, hoisted the national flag in the Bishop's House in the presence of the seminarians and staff members.

# Commission for Youth (MCYM)

- ***Membership Month :***

The diocesan MCYM observed the month of August as "Membership Month." This event enabled the youngsters to get officially registered as MCYM members of Puttur Diocese.

- ***Congratulations :***

Two of our MCYM members won prizes in an essay contest that MCYM Dehuroad of the Diocese of Pune organized. In the English Essay Writing Competition, Jincy K (St. George SMCC, Kallugudde Unit) took first place. The Malayalam Essay Writing Competition's first place winner was Agnel from St. Joseph's SMCC, Puttur Unit. Congratulations to both the winners.

- ***Mar Ivanios Quiz 2022 :***



The MCYM Bangalore region hosted a quiz for the MCYM members of the region named "Mar Ivanios Quiz 2022" on 21st August, 2022 at St. Mary's SMC Church, Hennur. Four MCYM units in the region participated in the event. Mr. Laiju Koshy, the former Diocesan MCYM president of the Archdiocese of Thiruvalla, was the quiz master. St. Joseph's SMCC, Mathikere, were the winners of the competition, while St. John's SMCC, Singasandra, and St. Alphonsa's SMCC, Carmelaram, bagged the second and third positions, respectively.

- ***Stepping Stones 2022 :***



The MCYM Mathikere unit Bangalore region hosted a quiz for the Sunday school students of the region named "Stepping Stones 2022" on 14th August, 2022. Five Sunday school units from the region participated in the event. Rev. Fr. Philip Mudampallikuzhi, the Diocesan MCYM Director of Bathery, was the quiz master. Rev. Fathers, Rev. Sisters, headmasters, teachers, and MCYM and Sunday school students of the region were present during the event. St. Joseph's SMCC, Mathikere, were the winners of the competition, while St. Mary's SMCC, Hennur, and St. John's SMCC, Singasandra, bagged the second and third positions, respectively.

# Commission for Basic Ecclesial Communities

On 31st August 2022, a diocesan meeting for the Commission for Basic Ecclesial Communities was held at Krupa Kiran, Yeshu Krupa Pastoral Center, Kadaba, by the diocesan secretary, Rev. Fr. Juby Kuzhinapurath. As part of an event, a class was led by Bro. Johnson followed by a session on the pastoral plan of the commission by Very Rev. Dr. Eldho Puthenkandathil. Around fifty representatives from the diocese participated. This was followed by the distribution of prayer kits containing the Holy Bible, prayer books, and rosary.






# Commission for Family (Bhavana Jyothis)

- ***Biblios 2022 :***



On 28th August, 2022, the Malankara Catholic Mother's Forum Bangalore Region hosted an interchurch quiz competition called "BIBLIOS - 2022" at St. Joseph's SMCC, Mathikkere. St. John's SMCC, Singasandra, were the winners of the competition, while St. Joseph's SMCC, Mathikkere, and St. Mary's SMCC, Hennur, bagged the second and third positions, respectively.

- ***Online Rosary Prayer :***

The Malankara Catholic Mother's Forum unit of St. John's MCC, Singasandra celebrated the feast of the Assumption of Mary by conducting online rosary prayer from 1st August to 14th August, 2022. On 15th , the solemn celebration of the feast was celebrated with the rosary after the Holy Mass in the Church.

# Commission for Education

## Mar Ivanios College of Education

- ***Smart Board Training :***



A Smart board training for the students was arranged at St. Ann's English Medium School, Kadaba, on 5th August 2022. The student - teachers received an opportunity for practical management of a smart board, along with theoretical background.

- ***Independence Day Celebration :***

The Independence Day was celebrated on 15th August, 2022 by hoisting the National Flag. The students and teachers participated in the celebration.

# Wishes

### *Birthday Wishes!*

***September 10 :*** Rev. Fr. Thomas Bijily Kavunkal OIC
***September 13 :*** Very Rev. Fr. Daniel Kadakampallil
***September 28 :*** Rev. Fr. Santo Kalayil

### *Festal Greetings!*

***September 05 :*** Very Rev. Fr. Zacharias Nandiattu OIC
***September 21 :*** Rev. Fr. Mathew Vazhakapara
***September 27 :*** Rev. Fr. Vincent Punnathanathu

# Important Dates

| | |
|---|---|
| 1 Thursday | *8 Days Nombu begins* |
| 5 Monday | *St. Mother Theresa of Kolkata* |
| 8 Thursday | *Nativity of Mary, Mother of God,* |
| | *8 Days Nombu ends* |
| 9 Friday | *Mar Joachim & Martha Anna* |
| 14 Wednesday | *Exaltation of the Holy Cross* |
| 20 Tuesday | *The Syro-Malankara Re-union Day (1930)* |
| | *Anniversary of the Episcopal Ordination of Bishops Thomas Mar Eusebius (2010)* |
| | *Geevarghese Mar Makarios and Yoohanon Mar Theodosius (2017)* |
| 23 Friday | *St. Padre Pio* |
| 27 Tuesday | St. Vincent de Paul |
| 28 Wednesday | Commemoration of Bishop Zacharias Mar Athanasios (1977) |
| 29 Thursday | Archangels Michael, Gabriel and Raphael |
| 30 Friday | St. Jerome |

# COMMEMORATION DAY



## H E MOST REV. ZACHARIAS MAR ATHANASIOS

$28^{TH}$ SEPTEMBER



# THE NATIVITY OF THE BLESSED VIRGIN MARY

$8^{TH}$ SEPTEMBER